# മയൂഖം

കറുകനാമ്പുകൾ കണ്ണീർ തുള്ളിയായ്-
പിറക്കും ഹേമന്ത രാവുകളിൽ;
മയക്കം തഴുകാൻ മടിക്കും മിഴിയുമായ്,
ശൂന്യമാം പാതയിൽ തേടുന്നതെന്തേ?

ഇറുകെ പുണരുന്ന വർണ്ണ സ്വപ്നങ്ങളൊ
കളവു പോയൊരാ സ്വാർത്ഥമോഹങ്ങളൊ
എൻ മനം എന്തെന്നറിയുവാൻ ഞാൻ മാത്രം
ജീവസായൂജ്യം ഏകുന്നാ മാത്രകൾ.

ഹിരഞ്ചയരാകുന്ന മിന്നാമിനുങ്ങിന്റെ
പരിരംഭണത്തിൽ വിടർന്നൂ പൂവുകൾ
പൗർണ്ണമിതിങ്കൾ വഴിയുന്ന ശോഭയിൽ
അലിയുമൊരു നിഴലായി ഞാനും.

ഒഴുകും മുകിലൊ, നീലനീരാളമായ്
മാനത്ത് പൊതിയുന്നു ചന്ദ്രികയെ
നൃത്തം ചവിട്ടുന്നു താരാഗണങ്ങളും
കൂടെയീ രാക്കുയിലും, വെൺ നിലാവും.

(ലളിതഗാന രചനാമത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചത്)